കേരള സർക്കാർ
**ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻസ് വകുപ്പ്**
**ജില്ലാ ഇൻഫർമേഷൻ ഓഫീസ്, തൃശൂർ**
**പത്രക്കുറിപ്പ്**
**2019 ഡിസംബർ 30 തിങ്കൾ**

<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>

www.prd.kerala.gov.in.
videos: http://www.clipmail.kerala.gov.in
email: diothrissur@gmail.com

<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>

# തീരദേശ പരിപാലന നിയമം: പട്ടിക പ്രസിദ്ധീകരിച്ചു

ജില്ലയിൽ തീരദേശ പരിപാലന നിയമവുമായി ബന്ധപ്പെട്ട് നിലവിലുള്ള അനധികൃത നിർമ്മാണങ്ങൾ ഉൾപ്പെടുത്തി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് സമർപ്പിച്ച മൂന്നാംഘട്ട പട്ടിക തീരദേശ ജില്ലാ കമ്മിറ്റി സർക്കാരിലേക്ക് സമർപ്പിച്ചിട്ടുള്ളത് ജില്ലാ കളക്ടറുടെ thrissur.nic.in/collectorate/എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടു. പട്ടികയിൽ ഉൾപ്പെട്ട നിർമ്മാണങ്ങളുമായി ബന്ധപ്പെട്ട ഏതെങ്കിലുംതരത്തിലുള്ള ആക്ഷേപങ്ങൾ ഉണ്ടെങ്കിൽ ബന്ധപ്പെട്ട കെട്ടിട ഉടമകൾ രേഖകൾ സഹിതം ഇന്ന് (ഡിസംബർ 31)5 മണിക്കകം ജില്ലാ ടൗൺപ്ലാനറുടെ ഓഫീസിൽ നേരിട്ടോ tsrcoll.ker@nic.in, tcpdtsr@gmail.com എന്നീ ഇ-മെയിലുകളിലോ സമർപ്പിക്കണം. വിശദവിവരങ്ങൾക്ക് ഫോൺ: 0487-2363003.

# രംഗശ്രീ: ടെർ ക്ഷണിച്ചു

ജില്ലാ പഞ്ചായത്തിന്റെ 2019-20 സാമ്പത്തിക വർഷം നടപ്പിലാക്കുന്ന വനിതാ തിയ്യേറ്റർ ഗ്രൂപ്പ് സംഘാടനം-രംഗശ്രീ പദ്ധതിയുടെ നടത്തിപ്പിനായി അംഗീകൃത കരാറുകാരിൽ നിന്നും മത്സരാടിസ്ഥാനത്തിലുള്ള ടെറുകൾ ക്ഷണിച്ചു. കൂടുതൽ വിവരങ്ങൾ പ്രവൃത്തി സമയങ്ങളിൽ അയ്യന്തോൾ സിവിൽ സ്റ്റേഷനിലുള്ള കുടുംബശ്രീ ജില്ലാമിഷൻ ഓഫീസിൽ നിന്നും http://www.thrissurdp.lsgkerala.gov.in/ എന്ന വെബ്സൈറ്റിലും(window No 1060/c/17/KSTSR) ലഭിക്കും. ഫോൺ- 0487 - 2362517.

# സമ്മതിദായകദിനം: കത്തെഴുത്ത് മത്സരംജനു. ഒന്നിന്

ദേശീയ സമ്മതിദായക ദിനത്തോടനുബന്ധിച്ച് സംസ്ഥാനത്തെ വിവിധ സർക്കാർ, സർക്കാർ എയ്ഡഡ്, അംഗീകൃത സ്കൂളുകളിലെ എട്ട് മുതൽ 12ാംക്ലാസ് വരെയുള്ള വിദ്യാർത്ഥികൾക്ക് 'രാജ്യത്തെ ഓരോ പൗരനും സമ്മതിദാനാവകാശം രേഖപ്പെടുത്തേതിന്റെ പ്രാധാന്യം' എന്ന വിഷയവുമായി ബന്ധപ്പെട്ട് ജില്ലാതല കത്തെഴുത്തു മത്സരം നടത്തുന്നു. വിഷയം തൽസമയം നൽകും. ജനുവരി ഒന്നിന് രാവിലെ 11ന് മുളങ്കുന്നത്തുകാവ് കിലയിലാണ് മത്സരം. പേര് നൽകിയിട്ടുള്ള വിദ്യാർത്ഥികൾ രാവിലെ 10ന് രജിസ്ട്രേഷന് ഹാജരാകണം. രക്ഷിതാവിന്റെയോ, സുഹൃത്തിന്റെയോ ബന്ധുവിന്റെയോ മേൽവിലാസമെഴുതിയ പോസ്റ്റൽ ഇൻലൻഡും, പേനയും, സ്കൂൾ ഐഡന്റിറ്റി കാർഡും കൊു വരേതാണ്. മത്സരം 11 മണിക്ക്

കില അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കിനോട് ചേർന്നുള്ള ഗ്രാമസ്വരാജ് ഹാളിൽ നടക്കും.

## താലൂക്ക് വികസന സമിതി യോഗം

തൃശൂർ താലൂക്ക് വികസനസമിതിയുടെ ജനുവരിയിലെ യോഗം ജനു. 4ന് രാവിലെ 11 ന് തൃശൂർ താലൂക്ക് ഓഫീസ് കോൺഫറൻസ് ഹാളിൽ ചേരും. യോഗത്തിൽ ബന്ധപ്പെട്ട എല്ലാ ജനപ്രതിനിധികളും ഉദ്യോഗസ്ഥരും രാഷ്ട്രീയപാർട്ടി പ്രതിനിധികളും പങ്കെടുക്കണമെന്ന് താലൂക്ക് വികസന സമിതി കൺവീനറായ തഹസിൽദാർ അറിയിച്ചു.

മുകുന്ദപുരം താലൂക്ക് വികസന സമിതിയുടെ ജനുവരി മാസത്തെ യോഗം ജനു.4ന് രാവിലെ 10.30ന് മുകുന്ദപുരം താലൂക്ക് ഓഫീസ് കോൺഫറൻസ് ഹാളിൽ ചേരും.

## ടെ ർ

മുല്ലശ്ശേരി ഐ.സി.ഡി.എസ് പ്രോജക്ടിലെ 100 അങ്കണവാടികളിലേക്ക് ഈ സാമ്പത്തിക വർഷം കിജൻസി കിറ്റുകൾ വാങ്ങുന്നതിന് അംഗീകൃത സ്ഥാപനങ്ങളിൽ നിന്ന് മത്സരസ്വഭാവമുള്ള ടെറുകൾ ക്ഷണിച്ചു. ടെറുകൾ സ്വീകരിക്കുന്ന അവസാന തിയ്യതി ജനുവരി 4 ഉച്ചയ്ക്ക് 2 മണി. അന്ന് 3ന് ടെർ തുറക്കും. കൂടുതൽ വിവരങ്ങൾക്ക് ഫോൺ: 0487-2265570.

## കേരളോത്സവം: എവർറോളിംഗ് ട്രോഫി തൃശ്ശൂരിന്

സംസ്ഥാന യുവജനക്ഷേമ ബോർഡ് നാല് ദിവസമായി തലസ്ഥാനത്ത് നടത്തിവന്ന 31ാം കേരളോത്സവത്തിൽ കലാകായിക മത്സരങ്ങളിൽ ഏറ്റവും കൂടുതൽ പോയിന്റ് നേടി തൃശൂർ ജില്ല എവർറോളിംഗ് ട്രോഫി കരസ്ഥമാക്കി. 535 പോയിന്റാണ് തൃശ്ശൂർ നേടിയത്. 498 പോയിന്റുമായി കണ്ണൂരും 457 പോയിന്റുമായു മലപ്പുറവും തൊട്ടുപിന്നിലെത്തി.

പ്രധാന വേദിയായ തൈക്കാട് ഗവ. ആർട്സ് കോളജിൽ നടന്ന സമാപന സമ്മേളനം സംസ്ഥാന യുവജനക്ഷേമ ബോർഡ് വൈസ് ചെയർമാൻ പി.ബിജു ഉദ്ഘാടനം ചെയ്തു. ഏഴായിരത്തോളം മത്സരാർത്ഥികൾ പങ്കെടുത്ത കേരളോത്സവം പരാതികൾ പരമാവധി കുറച്ച് നടപ്പാക്കാനായി എന്നത് വലിയ വിജയമാണെന്ന് അദ്ദേഹം പറഞ്ഞു. വിജയികൾക്കുള്ള പുരസ്ക്കാരവും ട്രോഫിയും വൈസ് ചെയർമാൻ വിതരണം ചെയ്തു. ചടങ്ങിൽ ആർട്സ് കോളജ് പ്രിൻസിപ്പൽ ബി.ഉണ്ണികൃഷ്ണൻ അധ്യക്ഷനായി. യുവജനക്ഷേമബോർഡ് സെക്രട്ടറി മിനിമോൾ എബ്രഹാം, യുവജനക്ഷേമ ബോർഡ് ഡെപ്യൂട്ടി ഡയറക്ടർ സി.ആർ രാംകുമാർ എന്നിവർ സംസാരിച്ചു. തൃശൂർ ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് ശ്രീ എൻ കെ ഉദയപ്രകാശ്, സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാർ, ജില്ലാ യൂത്ത് പ്രോഗ്രാം ഓഫീസർ പി ആർ ശ്രീകല., യൂത്ത് കോർഡിനേറ്റർമാരായ ഫഹദ്, അഷറഫ് മത്സരാർത്ഥികൾ എന്നിവർ ചേർന്ന് എവർറോളിങ് ട്രോഫി യുവജനക്ഷേമ ബോർഡ് വൈസ് ചെയർമാനിൽ നിന്ന് ഏറ്റുവാങ്ങി.

## പൊതു ഇടം എന്റേതും: രാത്രി നടത്തം ആഘോഷമാക്കി തൃശ്ശൂരിലെ വനിതകൾ

സ്ത്രീകൾക്ക് നേരെ വർധിച്ചു വരുന്ന അതിക്രമങ്ങൾക്കെതിരെ ശക്തമായ പൊതുബോധം ഉണർത്തുന്നതിനും സ്ത്രീകൾക്ക് അന്യമാകുന്ന പൊതു ഇടങ്ങൾ ലഭ്യമാക്കുന്നതിനും 'പൊതു ഇടം എന്റേതും' എന്ന സന്ദേശമുയർത്തിയ നൈറ്റ് വാക് ആഘോഷമാക്കി വനിതകൾ. അന്യമാകുന്ന പൊതുയിടങ്ങൾ വനിതകൾക്ക് ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ വനിതാ ശിശു വികസന വകുപ്പ് സംഘടിപ്പിച്ച നൈറ്റ് വാക്കിൽ 1000 ത്തിലധികം വനിതകളാണ് തൃശൂർ ജില്ലയിലുടനീളം ഭാഗമായത്. തൃശൂർ കോർപ്പറേഷൻ പരിധിയിൽ 200ലധികം വനിതകൾ നടക്കാനെത്തി. രാത്രി 11 ന് തുടങ്ങിയ നടത്തം 2

മണിക്കൂർ പിന്നിട്ട് 1 മണിക്ക് കളക്ടറേറ്റിന് മുന്നിൽ സമാപിച്ചു. കോർപ്പറേഷൻ മേയർ അജിത വിജയൻ, ഗീതഗോപി എം.എൽ.എ എന്നിവർ രാത്രി നടത്തത്തിന്റെ ഭാഗമായി.

അരണാട്ടുകര പള്ളി, രേവതി മൂല, ഒളരി പള്ളി, പൂങ്കുന്നം, അയ്യന്തോൾ കുറിഞ്ചാക്കൽ എന്നിങ്ങനെ കോർപറേഷൻ പരിധിയിൽ 5 ഇടങ്ങളിലാണ് നൈറ്റ് വാക്കിനുള്ള വഴി ഒരുക്കിയത്. മെഴുകുതിരി കത്തിച്ചു പ്രതിജ്ഞ എടുത്ത് നാടൻ പാട്ടും പാടിയാണ് പിന്നീട് ഇവർ പിരിഞ്ഞത്. ഗവ ചീഫ് വിപ് അഡ്വ കെ രാജന് വനിതകൾക്ക് ആശംസകൾ നേർന്നു.

ഇരിങ്ങാലക്കുട ബസ്സ്റ്റാന്റിൽ നിന്നും ക്രൈസ്റ്റ് കോളേജ്, ഇരിങ്ങാലക്കുട ഠാണ റോഡ്, ഇരിങ്ങാലക്കുട ടൗൺഹാൾ റോഡ്, കൂടൽമാണിക്യം അമ്പലം റോഡ് എന്നിങ്ങനെ നാല് ദിശകളിലേക്കായിരുന്നു രാത്രി നടത്തം സംഘടിപ്പിടത്. ഇരിഞ്ഞാലക്കുട നഗരസഭ കൗൺസിലർമാർ വിവിധ റോഡുകളിൽ രാത്രി നടത്തത്തിന് നേതൃത്വം നൽകി.

ചാലക്കുടി മുനിസിപ്പാലിറ്റിയിൽ ഒൻപത് ഇടങ്ങളിലായി 100 വനിതകളാണ് രാത്രി നടത്തത്തിന് മുന്നോട്ട് വന്നത്. 18 കൗൺസിലർമാർ ഒൻപത് ഇടങ്ങളിലായി നേതൃത്വം നൽകി. ഹൗസിങ് ബോർഡ്, വി ആർ പുരം, അതിരപ്പിള്ളി റോഡ്, താലൂക്ക് ആശുപത്രി, പോട്ട ആശ്രമം, റെയിൽവേ സ്റ്റേഷൻ, കെ കെ റോഡ്, ട്രാംവേ റോഡ് എന്നിവിടങ്ങളിലാണ് പൊതുയിടങ്ങൾ സ്ത്രീകൾക്കും എന്ന സന്ദേശവുമായി സ്ത്രീകൾ രാത്രി റോഡിലിറങ്ങിയത്.

കൊടുങ്ങല്ലൂർ നഗരസഭയും വനിതാ ശിശു വികസന വകുപ്പും ചേർന്ന് നിർഭയ ദിനം ആചരിച്ചു. നാല് അംഗങ്ങൾ ഉൾപ്പെടുന്ന സംഘമായിട്ടാണ് നൈറ്റ് വാക്ക് നടത്തിയത്. അടിയന്തിര സാഹചര്യത്തിൽ ഉപയോഗിക്കുവാൻ സംഘത്തിന് വിസിൽ നൽകിയിരുന്നു. നൈറ്റ് വാക്കിന് ശേഷം മെഴുകുതിരി കത്തിക്കുകയും സത്യപ്രതിജ്ഞയെടുക്കുകയും ചെയ്തു. വൈസ് ചെയർപേഴ്സൻ ഹണി പീതാംബരൻ പ്രതിജ്ഞ ചൊല്ലിക്കൊടുത്തു.

ചാവക്കാട് നഗരസഭയിൽ ആറു സ്ഥലങ്ങളിൽ നിന്ന് സ്ത്രീകൾ നടന്നപ്പോൾ ഗുരുവായൂർ നഗരസഭയിൽ ഒമ്പത് ഇടങ്ങളിൽ നിന്നാണ് ഗ്രൂപ്പുകളായി സ്ത്രീകൾ നടന്നത്. 11ന് ആരംഭിച്ച രാത്രി നടത്തം പുലർച്ചെ 1 മണിയോടെ അതത് മുനിസിപ്പാലിറ്റി അംഗണങ്ങളിൽ ഒത്തുചേർന്നു. തുടർന്ന് നിർഭയ ദിനാചരണത്തിന്റെ ഭാഗമായി മെഴുകുതിരികൾ കത്തിച്ച് പ്രതിജ്ഞ ചൊല്ലിയാണ് പിരിഞ്ഞത്. നടന്നെത്തുന്നവർക്ക് കുടിക്കാൻ നാരങ്ങാ വെള്ളവും ചായയും നഗരസഭ ഒരുക്കിയിരുന്നു.

കുന്നംകുളത്ത് കുടുംബശ്രീ വനിതകൾ തട്ടുകട നടത്തിയാണ് രാത്രി നടത്തത്തോട് ഐക്യദാർഢ്യം പ്രഖ്യാപിച്ചത്. നഗരസഭയിലെ കുടുംബശ്രീ തുമ്പപ്പൂ കേറ്ററിംഗ് യൂണിറ്റിന്റെ നേതൃത്വത്തിൽ സന്ധ്യ, ലില്ലി, പ്രീത, ദിവ്യ എന്നിവരാണ് തട്ടുകട നടത്തിയത്. ബീഫും കൊള്ളിയും', വിവിധ തരം ബജികൾ, ദോശ, ചായ എന്നിവ തട്ടുകടയിൽ ഒരുക്കിയിരുന്നു. താന്ന്യം പുത്തൻ പീടികയിൽ ഒന്നര മണി വരെ നീു നിന്ന കലാപരിപാടിയിൽ 30 പേർ പങ്കെടുത്തു. എഴുത്തുകാരി ലതിക വിവേകാനന്ദൻ അധ്യക്ഷത വഹിച്ചു. യുവജനവേദ വായനശാലയിലെ വനിത വളിയർമാരും പുരോഗമന കലാ സാഹിത്യ സംഘം,വനിത സഹിതി എന്നിവയും ചേർന്നാണ് രാത്രി നടത്തം സംഘടിപ്പിച്ചത്. വാടാനപ്പള്ളി നടുവിൽക്കര സ്കൂൾ പരിസരത്ത് നിന്നാരംഭിച്ച പെൺനടത്തംകശ്ശാംകടവ്ബോട്ട്ജെട്ടിയിൽവിവിധ കലാപരിപാടികളോടെയാണ് സമാപിച്ചത്.

തളിക്കുളം ഗ്രാമപഞ്ചായത്തിന്റെയും വിവിധ സംഘടനകളുടെയും ആഭിമുഖ്യത്തിൽ രാത്രി നടത്തം നടന്നു' തളിക്കുളം സെന്റർ മുതൽ സ്നേഹതീരം വരെയാണ് നടന്നത് ' ബ്ലോക്ക് പ്രസിഡന്റ് സുഭാഷിണി മഹാദേവൻ ഉദ്ഘാടനം ചെയ്തു. തളിക്കുളം പഞ്ചായത്ത് പ്രസിഡന്റ് പി.ഐ സജിത അധ്യക്ഷത വഹിച്ചു. തളിക്കുളം ഗ്രാമപഞ്ചായത്ത് വികസന സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സൺ സന്ധ്യാ രാമകൃഷ്ണൻ സ്വാഗതം പറഞ്ഞു. 50 സ്ത്രീകളാണ് രാത്രി 11മണിക്ക് പന്തം കൊളുത്തി തളിക്കുളം സെന്ററിൽ നിന്നും ഗ്രൂപ്പുകളായി തിരിഞ്ഞു പാട്ടു പാടിയും വർത്തമാനം പറഞ്ഞും സ്നേഹതീരത്തേക്ക് നടന്നത്.

നടക്കാനുള്ള സ്ഥലങ്ങളെല്ലാം ക്രൈം പോലീസിന്റെ സഹായത്തോടെ ക്രൈം സീൻ മാപ്പിംഗ് നടത്തിയാണ് തിരഞ്ഞെടുത്തത്. മാർച്ച് 8 അന്താരാഷ്ട്ര വനിതാ ദിനം വരെ എല്ലാ ആഴ്ചകളിലും രാത്രി നടത്തം തുടരും. സർക്കാരിന്റെ സധൈര്യം മുന്നോട്ട് പരിപാടിയുടെ അടിസ്ഥാനത്തിൽ വനിതാ ശാക്തീകരണമാണ് ലക്ഷ്യമിടുന്നത്. വനിതാ ശിശു വികസന വകുപ്പിലെ പ്രവർത്തകർ അങ്കണവാടി

പ്രവർത്തകർ, കുടുംബശ്രീ പ്രവർത്തകർ, വനിതാ കൗൺസിലർമാർ, റെസിഡെൻഷ്യൽ അസോസിയേഷൻ പ്രവർത്തകർ എന്നിവർ നൈറ്റ് വാക്കിൽ പങ്കെടുത്തു.

## കടപ്പുറം പഞ്ചായത്തിൽ സപ്തദിന എൻ.എസ്.എസ് ക്യാമ്പ്

കടപ്പുറം ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂളിൽ എൻ എസ് എസ് യൂണിറ്റിന്റെ സപ്തദിന ക്യാമ്പ് സംഘടിപ്പിച്ചു. ഗുരുവായൂർ ലിറ്റിൽ ഫ്ളവർ കോളേജിലെ എൻ എസ് എസ് യൂണിറ്റ് ആണ് ക്യാമ്പ് നടത്തുന്നത്. ക്യാമ്പിന്റെ ഭാഗമായി കടപ്പുറത്തെ 9, 10, 11, 12 വാർഡുകളിൽ ജീവിത ശൈലി രോഗനിർണയത്തിനായി വിദ്യാർത്ഥികൾ ഹെൽത്ത് സർവേ നടത്തി. സെൽഫ് ഡിഫെൻസ്, സ്കിൽ ഡവലപ്മെന്റ് തുടങ്ങി വിദ്യാർത്ഥികൾക്കായി പ്രത്യേക പരിശീലന പരിപാടികളും ക്യാമ്പിൽ സംഘടിപ്പിക്കുന്നു.

ഇതോടൊപ്പം ഞായറാഴ്ച രാവിലെ 6ന് ബീച്ച് ക്ലീനിംഗ് പദ്ധതിയുടെ ഭാഗമായി പഞ്ചായത്തിന്റെ സഹകരണത്തോടെ എൻ എസ് എസ് വോളന്റിയർമാർ അഞ്ചങ്ങാടി ബീച്ച് വൃത്തിയാക്കി. കടപ്പുറം പഞ്ചായത്ത് പ്രസിഡന്റ് ഉമ്മർകുഞ്ഞ് ബീച്ച് ക്ലീൻ പരിപാടി ഉദ്ഘാടനം ചെയ്തു. പ്രോഗ്രാം ഓഫീസർ തെരേസ ജെ. ഹെലോയ്സിന്റെ നേതൃത്വത്തിലായിരുന്നു എൻ. എസ്. എസ് വോളന്റിയർമാരുടെ പ്രവർത്തനങ്ങൾ. ഡിസംബർ 25 മുതൽ 31 വരെയാണ് സപ്തദിന ക്യാമ്പ് നടത്തുന്നത്.

## തോളൂർ ഗ്രാമ പഞ്ചായത്തിൽ കേരഗ്രാമം പദ്ധതിക്ക് തുടക്കമായി

തോളൂർ ഗ്രാമ പഞ്ചായത്തിൽ തോളൂർ കൃഷിഭവന്റെ ആഭിമുഖ്യത്തിൽ നടത്തുന്ന കേരഗ്രാമം പദ്ധതിക്ക് തുടക്കമായി. പദ്ധതിയുടെ ഭാഗമായി 13.5 ലക്ഷം രൂപ ചെലവഴിച്ച് നവീകരിച്ച കൃഷിഭവന്റേയും പരിശീലന കേന്ദ്രത്തിന്റേയും ഉദ്ഘാടനവും നടന്നു. അനിൽ അക്കര എം എൽ എ ഉദ്ഘാടനം ചെയ്തു. തോളൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് രാധാ രവീന്ദ്രൻ അധ്യക്ഷത വഹിച്ചു. പുഴയ്ക്കൽ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് സി. വി കുരിയാക്കോസ് കർഷകരെ ആദരിച്ചു. പ്രിൻസിപ്പൽ കൃഷി ഓഫീസർ കെ രാധാകൃഷ്ണൻ, കൃഷി ഡെപ്യൂട്ടി ഡയറക്ടർ കെ ചന്ദ്രൻ, ജില്ലാ പഞ്ചായത്തംഗം വനജ റാഫി, പുഴയ്ക്കൽ ബ്ലോക്ക് പഞ്ചായത്തംഗം ലൈജു സി എടക്കളത്തൂർ, തോളൂർ ഗ്രാമ പഞ്ചായത്ത് വൈസ് പ്രസിഡന്റ് അനീഷ് മണാളത്ത്, സ്ഥിരം സമിതി അധ്യക്ഷന്മാരായ ശ്രീകല കുഞ്ഞുണ്ണി, ഫീന സാജൻ, അസ്താസിയ ലൂയീസ്, കൃഷി ഓഫീസർ കെ വി വിനീഷ്കുമാർ എന്നിവർ പങ്കെടുത്തു.

## അമേച്വർ നാടകോത്സവം ഇന്ന്

കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ്, ജില്ലാ യുവജന കേന്ദ്രം എന്നിവയുടെ ആഭിമുഖ്യത്തിൽ ഇന്ന് (ഡിസം.31) വൈകീട്ട് മൂന്നിന് തോളൂർ ഗ്രാമപഞ്ചായത്ത് നാട്ടറിവ് നാട്ടുത്സവ വേദിയിൽ അമേച്വർ നാടകോത്സവം സംഘടിപ്പിക്കും. പറപ്പൂർ സഹകരണ ബാങ്ക് പരിസരത്താണ് നാടകോത്സവം.

ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് മേരി തോമസ് ഉദ്ഘാടനം ചെയ്യും. സംസ്ഥാന യുവജന ക്ഷേമ ബോർഡ് മെമ്പർ അഫ്സൽ കുഞ്ഞുമോൻ അധ്യക്ഷത വഹിക്കും. ജില്ലാ യൂത്ത് കോർഡിനേറ്റർ ഒ എസ് സുബീഷ് പദ്ധതി വിശദീകരിക്കും. തോളൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് രാധാ രവീന്ദ്രൻ, വൈസ് പ്രസിഡന്റ് അനീഷ് മണാളത്ത്, ജില്ലാ യൂത്ത് പ്രോഗ്രാം ഓഫീസർ പി ആർ ശ്രീകല എന്നിവർ പങ്കെടുക്കും. അമേച്വർ നാടകോത്സവ വിജയികൾക്ക് 25,000, 10000, 5000 എന്നിങ്ങനെയാണ് സമ്മാനതുക.

## ജില്ലാ ഇൻഫർമേഷൻ ഓഫീസ്, തൃശൂർ>>>>പത്രക്കുറിപ്പ്

## ഭിന്നശേഷിക്കാർക്ക് ഉപകരണ നിർണയ ക്യാമ്പ്

കടങ്ങോട് ഗ്രാമപഞ്ചായത്തിൽ ഭിന്നശേഷിക്കാർക്ക് ഉപകരണ നിർണയ ക്യാമ്പ് സംഘടിപ്പിച്ചു. 2019–20 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് ക്യാമ്പ് നടത്തിയത്. ഉപകരണങ്ങൾ വിതരണം ചെയ്യാനായി 3,75,000 രൂപയാണ് പദ്ധതിയിൽ വകയിരുത്തിയിട്ടുള്ളത്.

കടങ്ങോട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് രമണി രാജൻ ഉദ്ഘാടനം ചെയ്തു. ആരോഗ്യ സ്ഥിരം സമിതി അധ്യക്ഷൻ ജലീൽ ആദൂർ അധ്യക്ഷത വഹിച്ചു. ഗ്രാമപഞ്ചായത്തംഗം കെ കെ മണി, സി ഡി എസ് സൂപ്പർ വൈസർ ഗ്ലിറ്റി, ഡോ. ഉണ്ണികൃഷ്ണൻ, ഡോ. ബോബൻ തുടങ്ങിയവർ പങ്കെടുത്തു.

## യാത്രാക്ലേശത്തിന് അറുതി: പുന്നയൂർക്കുളത്ത് റോഡ് നിർമാണം തുടങ്ങി

പുന്നയൂർക്കുളത്ത് അറഫാത്ത് റോഡ് നിർമ്മാണം ആരംഭിച്ചു. യാത്രാക്ലേശം മൂലം ദുരിതത്തിലായിരുന്ന ഇവിടെ കെ.വി.അബ്ദുൾഖാദർ എംഎൽഎയുടെ നിർദ്ദേശ പ്രകാരം സംസ്ഥാന ഹാർബർ എഞ്ചിനിയറിംഗ് വകുപ്പ് റോഡ് നിർമ്മിക്കാനും കാന നിർമ്മാണത്തിനുമായി നാൽപ്പത്തിമൂന്ന് ലക്ഷത്തി നാൽപ്പതിനായിരം രൂപ അനുവദിച്ചിട്ടു്.

നിർമ്മാണ ഉദ്ഘാടനം പഞ്ചായത്ത് പ്രസിഡന്റ് എ. ഡി. ധനീപ് നിർവഹിച്ചു. മാർച്ച് 30 നുള്ളിൽ റോഡ് പണി പൂർത്തിയാക്കുമെന്ന് പ്രസിഡന്റ് അറിയിച്ചു. വാർഡ് മെമ്പർ ആബിദ സഹദ് അധ്യക്ഷയായ ചടങ്ങിൽ ബ്ലോക്ക് മെമ്പർ ആലത്തയിൽ മൂസ, ടി. കെ. ഫൈസൽ, മുബഷീർ എന്നിവർ പങ്കെടുത്തു. അഷ്ക്കർ ബദരി സ്വാഗതം പറഞ്ഞു.

## സരോജിനി ടീച്ചർ സ്മാരക റോഡ് തുറന്ന് കൊടുത്തു

പുന്നയൂർക്കുളം ഗ്രാമപഞ്ചായത്ത് നിർമ്മാണം പൂർത്തീകരിച്ച ചമ്മന്നൂർ അതിർത്തിയിലുള്ള കുന്നുംകാട്ടിൽ വി. കെ. സരോജിനി ടീച്ചർ സ്മാരക റോഡ് ജനങ്ങൾക്ക് തുറന്ന് കൊടുത്തു. പഞ്ചായത്ത് ഫ് ഉപയോഗിച്ച് മൂന്ന് മാസം കൊാണ് റോഡ് പണി പൂർത്തിയാക്കിയത്.

പഞ്ചായത്ത് പ്രസിഡന്റ് എ. ഡി. ധനീപ് പരിപാടി ഉദ്ഘാടനം ചെയ്തു. വാർഡ് മെമ്പർ ജയലക്ഷ്മി അധ്യക്ഷയായ ചടങ്ങിൽ മുൻ മെമ്പർ പി.രാജൻ, പഞ്ചായത്ത് അംഗങ്ങളായ ഫാരിക്ക്, നൗഷാദ്, അപ്പു മാസ്റ്റർ, അബ്ദുൾ റഹ്മാൻ കുന്നുംകാട്ടിൽ എന്നിവർ സംസാരിച്ചു. തുടർന്ന് ലഡു വിതരണവും, പായസ വിതരണവും നടന്നു. 220 മീറ്റർ നീളമുള്ള റോഡ് 6.6 ലക്ഷം ചെലവഴിച്ച് ഇന്റർലോക്ക് കട്ടകൾ വിരിച്ചാണ് നിർമ്മിച്ചത്.

## പുത്തൻപീടികയിലെ വെള്ള ക്ഷാമത്തിന് പരിഹാരമായി

അന്തിക്കാട് പുത്തൻപീടികയിലെ 12 വീടുകളുടെ കുടിവെള്ള പ്രശ്നത്തിന് പരിഹാരമായി. പഞ്ചായത്ത് പത്ത് ലക്ഷം രൂപ ചിലവഴിച്ചാണ് ഏഴാം വാർഡിലെ വീടുകളിൽ വെള്ളം എത്തിക്കാൻ പദ്ധതി പൂർത്തിയാക്കിയത്. ഇതുവരെ പരിസരവാസികൾ വെള്ളം കിണറ്റിൽ നിന്ന് കോരിയാണ് ഉപയോഗിച്ചിരുന്നത്. പദ്ധതി നടപ്പിലായതോടെ ഗുണഭോക്താക്കളുടെ വീട്ടിൽ വെള്ളം എത്തുന്ന സ്ഥിതിയായി. ഇതിനായി കൂടി വെള്ള ടാങ്കും വീടുകളിലേക്ക് പൈപ്പ് കളക്ഷനും പഞ്ചായത്ത് പണിത് നൽകിയിട്ടു്. അന്തിക്കാട് ഗ്രാമപഞ്ചായത്തിലെ കുടിവെള്ള ടാങ്കിന്റെ ഉദ്ഘാടനം പഞ്ചായത്ത് പ്രസിഡന്റ് എ വി. ശ്രീവത്സൻ ഉദ്ഘാടനം ചെയ്തു. സെറ്റിൽമെന്റ് കോളനി പരിസരത്ത് നടന്ന പരിപാടിയിൽ വികസന സ്റ്റാന്റിങ്ങ് കമ്മറ്റി ചെയർമാൻ വി.എ. ദിവാകരൻ അധ്യക്ഷനായി.

## ഭക്ഷ്യോപദേശകസമിതി യോഗം ചേർന്നു

ജില്ലയിലെ ഭക്ഷ്യ സുരക്ഷാ നടപടിയുമായി ബന്ധപ്പെട്ട് ഭക്ഷ്യോപദേശകസമിതി യോഗം ചേർന്നു. ഡിസംബർ 15 മുതൽ ജനുവരി 15 വരെ സംഘടിപ്പിച്ചിരിക്കുന്ന ഹാപ്പിഡെയ്സ് രാത്രികാല ഷോപ്പിങ്ങുമായി ബന്ധപ്പെട്ട് നഗരത്തിലുള്ള എല്ലാ ഭക്ഷണശാലകളിലും കുടിവെള്ളത്തിന്റെയും ഭക്ഷണത്തിന്റെയും ഗുണനിലവാരം ഉറപ്പുവരുത്തണമെന്ന് ജില്ലാ കളക്ടർ എസ്. ഷാനവാസ് ഭക്ഷ്യ സുരക്ഷാ ഓഫീസറോട് നിർദേശിച്ചു. കൂടാതെ റേഷൻസാധനങ്ങളുടെയും എഫ്.സി.ഐ. യിൽ നിന്നും വിതരണം ചെയ്യപ്പെടുന്ന ഭക്ഷ്യസാധനങ്ങളുടെയും ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് താലൂക്ക് സപ്ലൈ ഓഫീസർമാരോടും എഫ്.സി.ഐ. ഉദ്യോഗസ്ഥരോടും നിർദേശിച്ചു.

ജില്ലാ സപ്ലൈ ഓഫീസർ എം.വി. ശിവകാമി അമ്മാൾ, ലീഗൽ മെട്രോളജി അസിസ്റ്റന്റ് കൺട്രോളർ കെ.സി.ചാന്ദിനി, നൂൺഫീഡിംഗ് സൂപ്പർവൈസർ ടി.ബി. സുനിൽ, ചാലക്കുടി താലൂക്ക് സപ്ലൈ ഓഫീസർ ടി.ജെ. ആശ, ചാവക്കാട് താലൂക്ക് സപ്ലൈ ഓഫീസർ ടി.ജെ. ജയദേവ്, കൊടുങ്ങല്ലൂർ താലൂക്ക് സപ്ലൈ ഓഫീസർ ഐ.വി. സുധീർ കുമാർ, എഫ്.സി.ഐ. മെമ്പർ പി.ഡി. ഡേവിസ്, വി.എസ്. വൈശാഖൻ എന്നിവർ യോഗത്തിൽ പങ്കെടുത്തു.

## പാചക വാതകത്തിന് അധികസർവീസ് ചാർജ് നൽകേതില്ല

പാചക വാതകത്തിന് അധികസർവ്വീസ് ചാർജ് ഈടാക്കരുതെന്ന് പാചക വാതക ഉപഭോക്തൃ ഫോറംയോഗത്തിൽ ജില്ലാ കളക്ടർ എസ്. ഷാനവാസ് ആവശ്യപ്പെട്ടു. ബില്ലിൽ രേഖപ്പെടുത്തിയ തുകയ്ക്ക് പുറമെ ഉപഭോക്താവിൽനിന്നും പണം ഈടാക്കുന്ന ഡീലർമാർക്കെതിരെ നടപടിയെടുക്കുമെന്ന് കളക്ടർ പറഞ്ഞു. കളക്ടറേറ്റിൽ സംഘടിപ്പിച്ച യോഗത്തിൽ ജില്ലാ സപ്ലൈ ഓഫീസർ എം. വി. ശിവകാമി അമ്മാൾ, ജില്ലാ ഉപഭോക്തൃസംഘടനാ അംഗങ്ങൾ, പാചക വാതക ഡീലർമാർ, എണ്ണകമ്പനി പ്രതിനിധികൾ എന്നിവർ പങ്കെടുത്തു.

## സ്കൂളിനെതിരെ അന്വേഷണത്തിന് മനുഷ്യാവകാശ കമ്മീഷൻ ഉത്തരവ്

ജില്ലയിലെ തിരൂരിൽ പ്രവർത്തിക്കുന്ന സെന്റ് തോമസ് ഹൈസ്കൂൾ പ്രിൻസിപ്പലിനെതിരെ ഉയർന്ന ആരോപണങ്ങളെ കുറിച്ച് നിഷ്പക്ഷമായ അന്വേഷണം നടത്തി നിയമപ്രകാരമുള്ള നടപടികൾ സ്വീകരിക്കണമെന്ന് സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ. സ്കൂളിലെ നിർബന്ധ പണപിരിവിനെയും പ്രിൻസിപ്പലിന്റെ യോഗ്യതയെയും കുറിച്ച് അന്വേഷിക്കാനാണ് കമ്മീഷൻ ജുഡീഷ്യൽ അംഗം പി. മോഹനദാസ് ഉത്തരവിട്ടത്. പത്താംക്ലാസ് പഠനം പൂർത്തിയാക്കിയ വിദ്യാർത്ഥികൾ ട്രാൻസ്ഫർ സർട്ടിഫിക്കേറ്റ് വാങ്ങാനെത്തിയപ്പോഴാണ് 200 രൂപ പിരിച്ചത്. തൃശൂർ വിദ്യാഭ്യാസ ഉപഡയറക്ടറിൽ നിന്നും കമ്മീഷൻ റിപ്പോർട്ട് വാങ്ങി. എന്നാൽ പി.ടി.എ ഫായി വാങ്ങുന്നത് 500 മുതൽ 1000 രൂപപ വരെയാണെന്ന് പരാതിക്കാരനായ സി.ആർ സുകു കമ്മീഷനെ അറിയിച്ചു. കോഴ്സ് പൂർത്തിയാക്കിയ കുട്ടികളിൽ നിന്നും 200 രൂപ ഈടാക്കുന്നത് ശരിയല്ലെന്നും പരാതിക്കാരൻ അറിയിച്ചു. വാങ്ങുന്ന പണത്തിന് രസീത് നൽകാറില്ല. ഈ സാഹചര്യത്തിൽ പ്രിൻസിപ്പലിനെതിരെയുള്ള എല്ലാ ആരോപമണങ്ങളും അന്വേഷിക്കണമെന്ന് കമ്മീഷൻ ആവശ്യപ്പെട്ടു.

## മനുഷ്യാവകാശ സിറ്റിംഗ് ഇന്ന്(ഡിസംബർ 31)

സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ ജുഡീഷ്യൽ അംഗം പി. മോഹനദാസ് ഇന്ന് രാവിലെ 10.30ന് തൃശൂർ ചെമ്പൂക്കാവ് പൊതുമരാമത്ത് റസ്റ്റ്ഹൗസിൽ സിറ്റിംഗ് നടത്തും.

# അനധികൃത മത്സ്യബന്ധനം നടത്തിയ ബോട്ട് ഫിഷറീസ് പിടികൂടി

അഴീക്കോട് പടിഞ്ഞാറ് 2 നോട്ടിക്കൽ മൈൽ അകലെ രാത്രിയിൽ തീരത്തോട് ചേർന്ന് കരവലി നടത്തിയ മത്സ്യബന്ധന ബോട്ട് ഫിഷറീസ് വകുപ്പ് പിടികൂടി. തോപ്പുംപടി സ്വദേശിയായ ചുള്ളിക്കൽ ഷക്കീറിന്റെ ഉടമസ്ഥതയിലുള്ള 'സീ ഹാർട്ട്' എന്ന ബോട്ടാണ് കഴിഞ്ഞ ദിസവം രാത്രിയിൽ നടത്തിയ പട്രോളിങ്ങിനിടെ ഫിഷറീസ് വകുപ്പ് കസ്റ്റഡിയിലെടുത്തത്. തീരത്തു നിന്നും 20 മീറ്റർ വരെ ആഴമുള്ള ഭാഗത്ത് യന്ത്രവൽകൃത ട്രോളിംഗ് നടത്തുന്നത് കേരള സമുദ്ര മത്സ്യബന്ധന നിയന്ത്രം നിയമപ്രകാരം നിരോധിക്കപ്പെട്ടതാണ്. തീരത്തോട് ചേർന്നുള്ള കരവലി ബോട്ടുകൾ നടത്തുന്നത് മൂലം പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് മത്സ്യം ലഭിക്കാതെ വരുമെന്നും ഇത്തരത്തിലുള്ള നിയമവിരുദ്ധ മത്സ്യബന്ധന രീതിക്കെതിരെ ശക്തമായ നിയമനടപടി സ്വീകരിക്കുമെന്നും ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ കെ. വി, സുഗന്ധകുമാരി പറഞ്ഞു. പട്രോളിങ്ങിന് ഫിഷറീസ് അസി. ഡയറക്ടർ ഡോ. വി പ്രശാന്തൻ, സീ ഗാർഡുമാരായ പ്രസാദ്, ഫസൽ, മിഥുൻ, അൻസാർ എന്നിവർ നേതൃത്വം നൽകി. അനധികൃത മത്സ്യബന്ധനം നടത്തിയ ബോട്ടിനെതിരെ 2.5 ലക്ഷം രൂപ പിഴയും ലേലം ചെയ്ത ഇനത്തിൽ 65,900 രൂപയും സർക്കാരിൽ അടപ്പിച്ചു.